# DECEMBER 10

## THE HUMAN RIGHTS DAY

കോട്ടയം ബി.സി.എം. കോളജിലെ എം.എസ്.ഡബ്ല്യു വിദ്യാർത്ഥികൾ തയ്യാറാക്കുന്നത് 2015 ഡിസംബർ 10

Issue No. VII



















**Our Rights. Our Freedoms. Always...**

## പൊതുജന ശ്രദ്ധയ്ക്ക്

തെരുവു കുട്ടികൾ,
ഭിക്ഷ എടുക്കുന്ന കുട്ടികൾ,
ഒളിച്ചോടുന്ന കുട്ടികൾ,
ആരും സഹായത്തിനില്ലാത്ത കുട്ടികൾ,
ഏതെങ്കിലും വിധത്തിൽ ചൂഷണത്തിന്,
വിധേയരാകുന്ന കുട്ടികൾ

CHILD LINE
1098
NIGHT & DAY

**എന്നീ സാഹചര്യത്തിൽ കുട്ടികളെ കണ്ടെത്തിയാൽ**

**ചൈൽഡ് ലൈനിൽ വിളിക്കുക**

**വിളിക്കേണ്ട നമ്പർ 1098**

വീട്ടിലും നാട്ടിലും കുട്ടികൾ സുരക്ഷിതരായിരിക്കണം.

## CHILD LINE KOTTAYAM

**BCM OJASS**
Dept. of Social work
BCM College, KTM
Dist. Nodal Orgn.

**VSSS**
Vijayapuram Social
Service Society
Collab. Orgin.

**WE CARE**
Kanjirappally
Support Orgn.


# BCM OJASS

(Outreach Joint Action to Strengthen Society)

* CHILDLINE KOTTAYAM DISTRICT NODAL OFFICE
* CHILD RESOURCE CENTRE
* COUNSELING SERVICES
* EDUCATION SUPPORT/SPONSORSHIP
* TRIBAL CHILDREN DEVELOPMENT PROGRAMMES
* PERSONALITY DEVELOPMENT PROGRAMMES
* RESEARCH & TRAINING
* COMMUNITY PROGRAMMES
* PROGRAMMES IN CORRECTIONAL SETTINGS

# ARCHEPARCHY OF KOTTAYAM

CATHOLIC METROPOLITAN'S HOUSE
P.B. NO. 71, KOTTAYAM- 686 001
KERALA, INDIA.

## സന്ദേശം

ലോക മനുഷ്യാവകാശ ദിനമായ ഡിസംബർ 10 നോടനുബന്ധിച്ച് ബി. സി. എം കോളേജിലെ സാമൂഹിക പ്രവർത്തന വിഭാഗത്തിന്റെ നേതൃത്വത്തിൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നുവെന്നറിയുന്നതിൽ സന്തോഷമുണ്ട്. 1948- ലെ ഐക്യരാഷ്ട്ര സംഘടന ജനങ്ങളുടെ ഉന്നമനത്തിനും അവകാശ സംരക്ഷണത്തിനും വേണ്ടി മനുഷ്യാവകാശ പ്രഖ്യാപനം നടത്തിയെങ്കിലും പലപ്പോഴും അത് നിയമ സംഹിതകളിൽ മാത്രം ഒതുങ്ങി നിൽക്കന്നു. ഓരോ വ്യക്തിയും സ്വന്തം അവകാശങ്ങളെക്കുറിച്ച് ബോധവാനാകുന്നതോടൊപ്പം മറ്റുള്ളവരുടെ അവകാശങ്ങളെ സംരക്ഷിക്കാനും അവകാശ ലംഘനങ്ങൾക്കെതിരെ പ്രതികരിക്കാനും സമകാലീന ലോകത്തിൽ ഏറെ പ്രാധാന്യത്തോടെ മനുഷ്യാവകാശങ്ങളെ വിലയിരുത്താനും ഈ വർഷത്തെ മനുഷ്യാവകാശ ദിനാചരണം നമ്മെ പ്രാപ്തരാക്കട്ടെ. ഈ മാഗസിനുവേണ്ടി യത്നിച്ച ഏവരെയും അഭിനന്ദിക്കുന്നു.

സ്നേഹപൂർവ്വം.

മാർ മാത്യു മൂലക്കാട്ട്
കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത


Tel. 0481-2563527, 2563812, 2564256, 2565023(P). Fax: 0481-2563327
E-mail:cbhktym@hotmail.com Website: www.kottayamad.org




# ആശംസ

അവകാശസംരക്ഷണം എന്നത് കേരള മനസാക്ഷിക്ക് മുന്നിൽ വലിയൊരു ചോദ്യമായി നിൽക്കുന്ന ഈ കാലഘട്ടത്തിൽ ലോകമനുഷ്യാവകാശദിനം എന്ന ഡിസംബർ 10 വളരെ പ്രാധാന്യമർഹിക്കുന്നു. സ്വന്തം അവകാശങ്ങളെ സംരക്ഷിക്കാനും മറ്റുള്ളവർക്കെതിരെയുള്ള അവകാശ ലംഘനങ്ങളെ എതിർക്കാനും യുവ കേരള സമൂഹം പ്രതിജ്ഞാബദ്ധരായിരിക്കണം. മനുഷ്യാവകാശങ്ങളെക്കുറിച്ചും മനുഷ്യാവകാശ ലംഘനങ്ങളെക്കുറിച്ചും സമൂഹത്തിനിടയിൽ ഒരു അവബോധം സൃഷ്ടിക്കുകയെന്നത് ഓരോ വ്യക്തിയുടേയും കടമയാകുന്നു. അതിലേക്കായി നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ബി.സി.എം. കോളേജിലെ സാമൂഹിക പ്രവർത്തന വിഭാഗത്തിലെ എല്ലാ സഹപ്രവർത്തകർക്കും വിദ്യാർത്ഥികൾക്കും നന്മകൾ നേരുന്നതോടൊപ്പം പ്രാർത്ഥനയും....

**പ്രൊഫ. ഷീല ചെറിയാൻ**


*(പ്രിൻസിപ്പൽ ബി.സി.എം. കോളേജ്)*

# Message



Every year we observe December 10, as it commemorates the day on which, in 1948, the United Nations General Assembly adopted the Universal Declaration of Human Rights. (UDHR) Independent India has been thriving with its Economical and Technological advances and the paradox of Human Rights Protection. The recent incidents in our country and the crime statistics point the fact that discrimination on different dimenum and neglect of tribal communities is a continuing problem in India, as is sexual abuse and other violence against women and children. Incidents of violence against religious minorities also spiked in recent years. Questions arise from various corners of nation on violations of Human Rights. Its our responsibility to lead the flame of ownership to reform the situation. Let us become the envoy of enlightment and protection of Human rights in our land.

**Fr. Philmon Kalathara**
*(Director of Self Financing Department, BCM College)*



**OOMMEN CHANDY**
**CHIEF MINISTER**
**KERALA**

No. 1471/Pre-Sec/CM/2015 23/11/2015

**Message**

I am glad to know that the Department of Social Work at BCM College, Kottayam district would be releasing a magazine on 10 December to mark 'World Human Rights Day'.

As we all know, today's civilized world has no place for human rights violation. We cannot think about a nation's progress and global brotherhood by overlooking it. With regard to human rights, our country is one of the shining examples in the world, the hallmark of which is tolerance and benevolence. And we need successive generations to follow these highly cherished principles.

My best wishes to all associated with the Department of Social Work at BCM College, Kottyam.

**OOMMEN CHANDY**

OFFICE : SECRETARIAT, THIRUVANANTHAPURAM-695 001

# ധാർമികത
# കൈമുതലാവണം



**ഡി**സംബർ 10 ലോക മനുഷ്യാവകാശ ദിനം. ഈ ദിനം ജന്മം കൊണ്ടത് 1948-ൽ യു.എൻ.ൽ. ഇതിനെ എടുക്കാനും വളർത്താനും സ്വന്തമാക്കാനും അംഗരാജ്യങ്ങൾ തയ്യാറായി.

ഇനി ഒരു 'ലോകയുദ്ധം' ഉണ്ടാവരുത് എന്നു കരുതി നിർമിക്കപ്പെട്ട ലോക കരാറാണ്! എന്നുവരികിലും ഇന്നിന്റെ ഈ യുഗത്തിലും സാർവത്രികമായി മനുഷ്യാവകാശങ്ങൾ ലംഘിക്കപ്പെടുന്നു, ധ്വംസിക്കപ്പെടുന്നു.

ഈ പ്രക്രിയ മറ്റ് ജീവികൾ മനുഷ്യന് പ്രദാനം ചെയ്യുന്നതല്ല; മറിച്ച് മനുഷ്യൻ മനുഷ്യനോടു തന്നെ കാട്ടുന്ന വിവേചനമാണ്. ഇതെത്ര നിന്ദ്യം!

ജീവിയ ലോകത്ത് മനുഷ്യനും ഒരു ജന്തു (Animal) ആണല്ലോ? മറ്റു ജന്തുക്കളെപ്പോലും നാണം കെടുത്തും വിധം അധഃപതിച്ച പച്ചപരിഷ്കാരത്തിന്റെ, അറിവിന്റെ, കഴിവിന്റെ ഉടമകളായി മാറുന്നു മനുഷ്യൻ! ഭീകരത അതിന്റെ ഏറ്റവും ക്രൂരമായ അവസ്ഥയിൽ സമ്മാനിക്കപ്പെടുന്നു.

എന്റെ അവകാശമെന്നത് മറ്റുള്ളവന്റേതുകൂടിയാണെന്ന അവബോധം നമുക്കുണ്ടാവണം.


മലിനമായവയെ നിർമാർജ്ജനം ചെയ്യാൻ നാം ശ്രമിക്കാറുണ്ട്. ബോധവത്കരണം നടത്താറുണ്ട്. പക്ഷേ..... ഏറ്റവും മലിനം നമ്മുടെ മനസ്സാണ്.

അതിനെ മാലിന്യരഹിതമാക്കാൻ കഴിയണം. സഹജീവിസ്നേഹം, ആർദ്രത, കരുണ എന്നിവയിലധിഷ്ഠിതമായ 'ധാർമികത കൈമുതലാവണം'. അതിന് പ്രേരകമാവട്ടെ ഈ ദിനം.

ഇതെന്നും ജീവിതത്തിന്റെ അഖില മേഖലകളിലും കാത്തുസൂക്ഷിക്കുന്ന നല്ല മനുഷ്യരാവാൻ നാളെയുടെ രാഷ്ട്രസമ്പത്തായി തീരാൻ - ബി.സി.എം. കോളജിനും പഠിതാക്കൾക്കും പ്രത്യകിച്ച് MSWനും സാധിക്കുമാറാകട്ടെയെന്ന് പ്രത്യാശിച്ചുകൊണ്ട് ഈ ദിനത്തിന്റെ ആശംസകളർപ്പിക്കുന്നു.

ജയ്ഹിന്ദ്

**കെ.എം.എ. നാസർ**
*സെക്രട്ടറി, സംസ്ഥാന സാമൂഹ്യനീതി വിഭാഗം*
*മനുഷ്യാവകാശ മിഷൻ, കേരള*



# എഡിറ്റോറിയൽ

ഡിസംബർ 10 ഹ്യൂമൻ റൈറ്റ്സ് ഡേ എന്ന പ്രസിദ്ധീകരണത്തിന്റെ 6-ാം വാല്യം പൂർത്തിയാക്കുവാൻ സാധിച്ചതിൽ വളരെ സന്തോഷമുണ്ട്. ഇന്നു ലോകമെമ്പാടും ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന വിഷയമാണ് മനുഷ്യാവകാശം. ജാതി-മത-സാമ്പത്തിക അടിസ്ഥാനങ്ങളിൽ മനുഷ്യനെ പല തട്ടുകളായി കാണുകയും അതനുസരിച്ച് പരിഗ ണിക്കപ്പെടുകയും ചെയ്യുന്ന രീതിയാണ് ഇന്നു നമ്മുടെ മുന്നിൽ. എല്ലാവരെയും ഒരു പോലെ കാണുകയും അതിൽ സാമ്പത്തിക പ്രശ്നമനുഭവിക്കുന്ന എല്ലാവരുടേയും ഉന്ന മനത്തിനായി പ്രത്യേക പരിഗണന നൽകുകയും ചെയ്യുന്ന വ്യവസ്ഥിതിയിലേക്ക് നാം വളരണം. ഇന്ന് സമൂഹത്തിലെ പല പ്രശ്നങ്ങൾക്കും അടിസ്ഥാനകാരണമായി കണ്ടെ ത്താൻ സാധിക്കുന്നത് വിവിധരൂപത്തിലുള്ള മനുഷ്യാവകാശ ലംഘനങ്ങളാണ്.

ഈ വർഷത്തെ മനുഷ്യാവകാശ ദിനത്തിന്റെ സന്ദേശമാണ് “Our Rights Our Freedoms Always.” എല്ലാ മനുഷ്യർക്കുമുള്ള അവകാശങ്ങൾ എപ്പോഴുമുള്ളതാണെന്ന കാര്യത്തിൽ തർക്കമില്ല. ഓരോരുത്തരും സ്വന്തം അവകാശങ്ങളെക്കുറിച്ച് ബോധവാന്മാരാവുകയും അതേ അവകാശങ്ങൾ മറ്റുള്ളവർക്കും ഉണ്ട് എന്ന ബോധ്യത്തോടുകൂടി സമൂഹത്തിൽ പെരുമാറുകയും ചെയ്താൽ വളരെയധികം പ്രശ്നങ്ങൾക്കും പരിഹാരമാകും. സമൂഹ ത്തിന്റെയും രാഷ്ട്രത്തിന്റെയും വളർച്ചയ്ക്ക് വഴിതെളിക്കുകയും ചെയ്യും.

ഈയൊരു പ്രയത്നത്തിൽ നമുക്ക് പങ്കുചേരാം. ഈ പ്രസിദ്ധീകരണം അതിനൊരു നിദാനമാകട്ടെ.

**ഡോ. ഐപ്പ് വർഗീസ്**

സോഷ്യൽ വർക്ക് വിഭാഗം മേധാവി



# സമാധാന ജീവിതത്തിനുള്ള അവകാശം

**ആർ. ഗോപീകൃഷ്ണൻ**
(ചീഫ് എഡിറ്റർ, മെട്രോ വാർത്ത)

**"ഇ**തിനു മാത്രം ഞാനെന്തു തെറ്റു ചെയ്തു?" നമ്മുടെ സമൂഹത്തിൽ ഇടയ്ക്കിടെ മുഴങ്ങുന്ന വിലാപമാണിത്. ഒരു തെറ്റും ചെയ്യാതെ തന്നെ ശിക്ഷിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുന്ന അനവധി കണ്ഠങ്ങളിൽ നിന്നുയരുന്ന ദീനരോദനം അധികാരകേന്ദ്രങ്ങൾ എത്ര കണ്ടു നിഷ്ഠൂരമാകുന്നോ, അത്രയ്ക്കും നിസഹായമായിരിക്കും ഉച്ചസ്ഥായിയിലുള്ള ഈ വിലാപം. സ്വാർത്ഥ ചിന്തകളും നിക്ഷിപ്ത താല്പര്യങ്ങളും തഴച്ചു വളരുമ്പോഴാണ് നമ്മുടെ മനസ്സുകളിലെ കാരുണ്യത്തിന്റെ നീരുറവകൾ വറ്റുന്നത്. സഹജീവികളെ സമഭാവനയോടെ കാണുന്ന മനസ്സു നഷ്ടമായിക്കൂടെന്നാണ് നിയമങ്ങൾ പരോക്ഷമായി നമ്മെ ഉപദേശിക്കുന്നത്. ആ ഉപദേശങ്ങൾക്കു പലപ്പോഴും പലരും കാതോർക്കാറില്ലങ്കിലും.

എല്ലാവരെയും ഒന്നുപോലെ കാണുന്ന ഓണപ്പാട്ടിന്റെ ശീലുകൾ ഹൃദിസ്ഥമാക്കിയിട്ടുള്ളവർ പോലും അതിന്റെ അർത്ഥതലങ്ങളെക്കുറിച്ചു ചിന്തിച്ചു കാണില്ല. ഏവർക്കും സമത്വമെന്നത് യാഥാർത്ഥ്യമാകുമ്പോഴാണ് സമൂഹത്തിൽ സംതൃപ്തി വളരുന്നതെന്നും അപ്പോൾ മാത്രമാണ് ആപത്തുകൾ ഒഴിവാകുന്നതെന്നും ഓണപ്പാട്ട് പഠിപ്പിക്കുന്നു. അസമത്വമാണ് ആപത്ത്. അതാണ് അസ്വസ്ഥതകളുടെ മൂലകാരണം. അസമത്വം പാരതന്ത്ര്യത്തിലേക്കു നയിക്കുന്നു. അഭിപ്രായങ്ങൾക്ക് മേൽ ചങ്ങലകൾ വീഴുന്നു. സുരക്ഷിതത്വബോധം നഷ്ടമാകുന്ന ജനത അശാന്തിയിലേക്കു പതിക്കുന്നതു സ്വാഭാവികം. അവകാശങ്ങളും ചുമതലകളും മറന്നുപോകുന്ന സമൂഹത്തിന് നിലനിൽപ്പുതന്നെ അസാധ്യമാകുന്നുവെന്ന് ലോകചരിത്രം നമ്മെ പഠിപ്പിക്കുന്നു. ആ ചങ്ങലക്കെട്ടുകൾ തകർത്തെറിയുന്നതിനുള്ള ശ്രമങ്ങളാണ് മനുഷ്യാവകാശങ്ങളുടെ സുവർണയധ്യായങ്ങളായി വിരചിച്ചതെന്നു മറക്കരുത്.

'അവകാശം' എന്ന വാക്ക് പാശ്ചാത്യലോകത്ത് പതിനഞ്ചാം നൂറ്റാണ്ടുവരെ ഉണ്ടായിരുന്നില്ലെന്ന് വിദഗ്ദ്ധർ പറയുന്നു. ജനാധിപത്യത്തിന്റെ ആദ്യകിരണങ്ങൾ പരക്കുന്നതിനു മുൻപ് അവകാശം എന്ന പദത്തിന് ഇന്നത്തെ അർത്ഥമായിരുന്നില്ല ഉണ്ടായിരുതെന്ന് പറയുന്നതാകും ശരി. സാധാരണക്കാർക്ക് എന്തെങ്കിലും ആവശ്യങ്ങളും അവകാശങ്ങളും ഉണ്ടെന്ന് ആരും ചിന്തിച്ചിരുന്നില്ല. അവകാശങ്ങൾ വരേണ്യർക്കു മാത്രമുള്ളതാണെന്നായിരുന്നു അക്കാലത്തെ ചിന്ത. ഓരോ വിഭാഗത്തിനുള്ള അവകാശങ്ങൾ നിജപ്പെടുത്തുകയും പരിമിതപ്പെടുത്തുകയും ചെയ്ത വ്യവസ്ഥയായിരുന്നു നമ്മുടെ നാട്ടിലുണ്ടായിരുന്ന ചാതുർവർണ്യമെന്നു പറയാം.

ഉടമകളും അടിമകളുമെന്നതായിരുന്നു ലോകമെങ്ങുമുണ്ടായിരുന്ന മനോഭാവം. മധ്യകാലഘട്ടത്തിൽ പ്രകാശം പരത്തിയ സ്വാതന്ത്ര്യബോധത്തിൽ നിന്നാണ് അവകാശങ്ങളെക്കുറിച്ചുള്ള ചിന്തകൾ ഉടലെടുത്തത്. നിലവിലുള്ള വ്യവസ്ഥകളെ വെല്ലുവിളിക്കുന്നവരുടെ കഥകൾ വാല്മീകി മഹർഷി രാമായണത്തിൽ കുറിച്ചിട്ടുണ്ടെങ്കിലും ആദി കവിയുടെ കാലത്ത് അവകാശബോധം ഉണരാഞ്ഞത് സ്വാഭാവികമാണ്.

പുതിയ ചക്രവാളങ്ങൾ തേടി യൂറോപ്യൻ സഞ്ചാരികൾ നൗകകളിലേറിയപ്പോൾ അടിമത്വത്തിന്റെ പുതു അധ്യായങ്ങളാണ് വിവിധ ഭൂഖണ്ഡങ്ങളിൽ എഴുതപ്പെട്ടത്. തങ്ങളുടെ അധീശത്വം വെളിവാക്കാൻ തദ്ദേശീയരെ കീഴടക്കുകയും അടിമകളാക്കുകയും അവരെ ക്രയവിക്രയം ചെയ്യുകയും അക്കാലത്ത് നാട്ടുനടപ്പായിരുന്നു. കാലചക്രം തിരിഞ്ഞപ്പോൾ അവർ തന്നെയാണ് വിമോചക ദൗത്യവുമായി ഇറങ്ങിത്തിരിച്ചതെന്നും കൗതകകരം.

പതിമൂന്നാം നൂറ്റാണ്ടിൽ മാഗ്നാകാർട്ടയിൽ നിന്ന് അവകാശബോധം തുടങ്ങുന്നുവെന്ന് രേഖപ്പെടുത്തുന്നവരുണ്ട്. എന്നാൽ അവകാശങ്ങളെക്കുറിച്ച് ബ്രിട്ടനിൽ നിയമം ഉരുത്തിരിയാൻ പിന്നെയും നാലു ശതകങ്ങൾ വേണ്ടിവന്നു. നവീനാശയങ്ങൾ സുനാമിയായി ആഞ്ഞടിച്ച നവോത്ഥാന കാലഘട്ടത്തിലാണ് മനുഷ്യൻ കണ്ണുതുറന്നു ചുറ്റും നോക്കുന്നതും സമൂഹമെന്ന അസ്തിത്വം തിരിച്ചറിയുന്നതും. കലയിലൂടെയുള്ള സ്വയം പ്രകാശന സാധ്യതയാണ് തന്റെയും അപരന്റെയും ദുഃഖങ്ങൾക്ക് സമാനതയുണ്ടെന്ന് മനുഷ്യന ബോദ്ധ്യപ്പെടുത്തിയത്. ബ്രിട്ടനു പിന്നാലെ ഫ്രാൻസിലും അമേരിക്കയിലും മറ്റു പാശ്ചാത്യ രാജ്യങ്ങളിലും അവകാശങ്ങൾ നിയമത്തിലൂടെ സ്ഥാപിതമായി.

സാമ്രാജ്യത്തിന്റെ അതിരുകൾ വിസ്തൃതമാക്കുന്നതിനിടയിൽ കാണാതിരുന്ന പല സത്യങ്ങളും സൂര്യൻ അസ്തമിക്കാത്ത സാമ്രാജ്യമായി മാറിയപ്പോൾ ബ്രിട്ടന് അംഗീകരിക്കേണ്ടിവന്നു. അടിമത്തത്തിനെതിരേയുള്ള കാഹളം അങ്ങനെ മുഴങ്ങിയതാണ്. തങ്ങളുടെ പാതയിലൂടെ വരുന്നവർ വിമോചനത്തിന് അർഹരാണെന്നും അവർ അടിമകളായിതുടരുന്നത് തങ്ങൾക്ക് തന്നെ കളങ്കമാകുന്നുമെന്നും കണ്ടാണ് അടിമത്തം നിരോധിക്കാൻ ബ്രിട്ടൻ നിയമം കൊണ്ടുവന്നത്.

സാമ്രാജ്യത്വ ശക്തികളുടെ അധികാര ഗർവ്വ് വർധിച്ചിടത്തെല്ലാം ജനമുന്നേറ്റങ്ങളുണ്ടായി. പാശ്ചാത്യ വിദ്യാഭ്യാസത്തിലൂടെ ലോകത്തു സംഭവിക്കുന്ന മാറ്റങ്ങളാണ് വിവിധ രാജ്യങ്ങളിലെ ജനങ്ങൾ തിരിച്ചറിഞ്ഞത്. തങ്ങളുടെ നാട്ടുരാജ്യങ്ങളുടെ പരിചിതങ്ങളായ അതിർത്തികൾക്കപ്പുറം വിശാലമായ ലോകമുണ്ടെന്നും അതിവേഗത്തിലുള്ള പരിണാമമാണ് അവിടങ്ങളിൽ സംഭവിക്കുന്നതെന്നും അവർ മനസ്സിലാക്കി. ഈ ബോധോദയമാണ് പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ നമ്മുടെ നാട്ടിലും സംഭവിച്ചത്.

ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെയും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെയും ഭരണവൈകല്യങ്ങൾക്കെതിരെ ശബ്ദമുയർത്തുന്നതിനു വേണ്ടിയാണ് ഇന്ത്യയിൽ പത്രപ്രവർത്തനം ആരംഭിച്ചതെന്ന് ചരിത്രം പഠിപ്പിക്കുന്നു. അതുവരെ ഏതാണ്ടു നിശബ്ദമായി നടന്നിരുന്ന പ്രതിഷേധങ്ങൾക്കും പ്രതിരോധങ്ങൾക്കും വഴിതുറന്നു. ആ തിരികളിൽ നിന്നാണ് മഹാത്മാഗാന്ധി സ്വാതന്ത്ര്യസമരത്തിന്റെ പന്തം ജ്വലിപ്പിച്ചതെന്നു കാണാൻ ബുദ്ധിമുട്ടില്ല.

രണ്ടു മഹായുദ്ധങ്ങൾ ലോകത്തെ വലിച്ചു കീറുകയും ഞെരിച്ചമർത്തുകയും

ചെയ്തുവെങ്കിലും ആ അതിക്രമങ്ങളുടെ പ്രതികരണമായിട്ടാണ് മനുഷ്യാവകാശ ചിന്തകൾ രൂഢമൂലമായത്. ഒന്നാം ലോക മഹായുദ്ധത്തിന്റെ കെടുതികളിൽ നിന്നും സമാധാനം പുനഃസ്ഥാപിക്കാനുള്ള ശ്രമം 1919-ൽ ലീഗ് ഓഫ് നേഷൻസിനു രൂപം നൽകി. തർക്ക പരിഹാരവും നിരായുധീകരണവുമായിരുന്നു ലീഗിന്റെ ലക്ഷ്യമെങ്കിലും അധികം വൈകാതെ രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. എന്നാൽ മഹായുദ്ധത്തിന്റെ അന്ത്യത്തിൽ സമാധാന ദൗത്യവുമായി ഐക്യരാഷ്ട്ര സംഘടന രൂപീകൃതമായതോടെ മനുഷ്യരുടെ അവകാശങ്ങൾക്ക് ആശാവഹമായ രൂപഭാവങ്ങൾ കൈവന്നു.

സിവിൽ അവകാശങ്ങളും രാഷ്ട്രീയ അവകാശങ്ങളും അംഗീകരിക്കപ്പെടുകയെന്നതായിരുന്നു ആദ്യഘട്ടത്തിലെ ആവശ്യങ്ങൾ. ജീവിക്കാനുള്ള അവകാശം ഉറപ്പിക്കുന്നതിനും ഭരണപരമായ കാര്യങ്ങളിൽ പങ്കാളിത്തം ലഭിക്കുന്നതിനും ജനശബ്ദമുയർന്നു. തൊഴിലാളി സംഘടനകൾ അവകാശബോധത്തോടെ രംഗത്തുവന്നത് മറ്റു ചില ജീവിത പ്രശ്നങ്ങളിലേയ്ക്കും കൂടി വെളിച്ചംവീശി. പണിയിടങ്ങളിലെ സൗകര്യങ്ങൾക്കുവേണ്ടിയും കൂലിക്കുവേണ്ടിയും മാത്രമല്ല, ബാലവേല നിയന്ത്രിക്കുന്നതിനും, സ്ത്രീകളുടെ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുംകൂടി അവർ ശബ്ദമുയർത്തി. ജീവിത സൗകര്യങ്ങളെക്കുറിച്ചും ജീവിതനിലവാരത്തെക്കുറിച്ചും വ്യക്തമായ കാഴ്ചപ്പാടുകൾ അവർ പുലർത്തി. സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനുവേണ്ടി ലോകജനത നടത്തിയ നിരന്തര പോരാട്ടങ്ങളുടെ ഫലമായാണ് മനുഷ്യാവകാശങ്ങളെക്കുറിച്ച് വ്യക്തമായ രൂപരേഖ തയാറാക്കാൻ ഐക്യരാഷ്ട്ര സഭയെ പ്രേരിപ്പിച്ചത്.

ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുകയും രാഷ്ട്രീയ സ്വാതന്ത്ര്യം ലഭിക്കുകയും ചെയ്ത കാലത്തുതന്നെ സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ അവകാശങ്ങൾക്കു വേണ്ടിയും ശബ്ദമുയർന്നിരുന്നു. ശീതയുദ്ധ കാലഘട്ടം കഴിഞ്ഞ് 1990കളിൽ മനുഷ്യാവകാശ സംഘടനകൾ എല്ലാ വേലിക്കെട്ടുകളും തകർത്ത് വൻ കുതിപ്പു നടത്തി. മനുഷ്യാവകാശങ്ങൾ തലനാരിഴ കീറി ഉറപ്പാക്കുന്നതിനുള്ള പരിശ്രമങ്ങൾ അവിടെത്തുടങ്ങുന്നു. പരിസ്ഥിതിയെക്കുറിച്ചും വികസനത്തെക്കുറിച്ചുമുള്ള വിചിന്തനങ്ങൾ അങ്ങനെ രൂപപ്പെട്ടതാണ്.

സ്വാതന്ത്ര്യം, സമാധാനം, നീതിപൂർവമായ സമീപനം എന്നിവ ഏതെല്ലാം മേഖലകളിൽ ഉറപ്പാക്കാൻ സാധിക്കുമെന്ന് മനുഷ്യാവകാശപ്രവർത്തകർ തിരയുകയാണ്. ഒട്ടേറെ പ്രതിബന്ധങ്ങളും വെല്ലുവിളികളും നേരിട്ടുകൊണ്ട് വേണം ഇതു സാധ്യമാക്കാൻ. നൈതികതയെ സംബന്ധിക്കുന്ന ചില ചോദ്യങ്ങൾക്കും ഉത്തരം കണ്ടെത്തേണ്ടതുണ്ട്.

ഭരണാധികാരികൾക്ക് അപ്രിയവും അനിഷ്ടവുമുണ്ടാക്കുന്ന ഭൂമിയിലാണ് മനുഷ്യാവകാശപ്രവർത്തകന്റെ പോരാട്ടം. അടിയന്തരാവസ്ഥ മുതൽ ഭീകര പ്രവർത്തനങ്ങളുടെ സങ്കീർണതകൾവരെ ഇഴതിരിച്ചു പരിശോധിച്ച് നിലപാടെടുക്കുകയെന്നത് ദുഷ്കരമാണ്. സത്യമേതെന്നു തിരിച്ചറിയുക അനുദിനം ക്ലേശകരമായി മാറുമ്പോൾ ഉള്ളിലെ പ്രകാശത്തിന്റെ ഏകജ്വാല അണയാതെ കാത്തു മുന്നേറുക മാത്രമാണ് ചെയ്യാനാവുക; ഏത് ഇരുളിനെയും അതു കീറിമുറിക്കുമെന്നു വിശ്വസിച്ചുള്ള പ്രയാണം.

# TO DENY PEOPLE THEIR HUMAN RIGHTS IS TO CHALLENGE THEIR VERY HUMANITY

**-Aaren**

Recently, while surfing the channels I came across 'Comedy Awards Nite' on one of the Malayalam channels. So, you may say what's surprising- malayalees are good at passing off much of any nonsense and profanity as humor. Malayalam channels across board have some "comedy" show or the other. This particular event caught my eye because I saw Ms. Surya being awarded the best comic in supporting role. Surya is a transgender who is married with a *husband* and is lucky enough to have found *herself* a niche through the comedy programmes. It was really heartening, in fact a moment of pride and joy to see the malayalee society consider the third gender with equal professional standards as any other artist.

Humans generally have a tendency to categorize and put their fellow beings in slots- be it the category of religion, region, nationality, caste or gender. For example, for a radical Hindu in India, anyone practicing a religion other than Hinduism and their 'subsets' (Sikhism, Jainism, Buddhism) are anti India. In Kerala, any laborer who is not a malayalee is a 'Bengali'. In classrooms, any child who is unable to maintain the decorum of the class, be it because of his exceptional intellectual capacity or attention issues gets labeled as the 'problem child'. For us it is easier to have understandable categories and labels for everything- including humans. It allows for a hassle free interaction for us. It seems that one of the most tolerant societies has lost much of its acceptance over time. One group that has long suffered grievous ignominy at the hands of society because of this social affliction is - the Transgenders.

Technically, transgenders are people whose gender identity differs from the sex the doctor marked on their birth. Gender identity is a person's internal, personal sense of being a man or a woman. Transgender is about having an identity feeling that is different from that of the physical attributes of the person. The transgenders have suffered at the hands of society since long. It is very difficult for common people to understand something or rather someone, who is vastly differing from them; when the difference is based on the issue of gender identity even more so. For example, a person with male genital attributes sincerely believes that he's a woman trapped in a man's body. This belief leads

her(him) to walk, talk and perhaps even dress like a woman. This cross presentation perplexes, and in some cases repulses, people around her(him), especially the parents and family. The moment the person expresses the truth inside of him/her, (s)he is shunned and degraded each step of his/her way. They are looked down as degraded and unworthy to live. They face rejection and discrimination wherever they go, most often starting from their own family and community. One can only imagine the trauma and travails they face incessantly at the hands of other fellow beings. It is a well known fact that almost every transgender who has come out of the closet has been raped and abused in every way possible repeatedly. When the very parents refuse to acknowledge and accept their 'different' child one can only imagine the extent of ostracization they face at the hands of the society. Most of the society views them as unnatural and treat them with ridicule and fear on account of superstitions.

Transgender people in India face a variety of issues. So far, these communities have been excluded from effectively participating in social and cultural life: economy, politics and decision making process. They are deprived of many rights and privileges that any other person enjoys as a citizen of India. Research indicates transgender people are four times more likely to live in poverty. They experience unemployment twice the national unemployment rate. Over 90% of transgender people report experiencing harassment, mistreatment or discrimination. Transgenders also face harassment from the police; the very machinery intended to keep people safe. In India the intolerance is so acute that majority of the transgenders are forced to find refuge in transgender communities, usually settled on the outskirts of townships. Majority of them are forced to eke out their livelihood by performing sexual favors or by singing, dancing and generally gate crashing auspicious events in families and shaming them to pay up. Very few have access to education, employment and housing- some basic rights accorded to any ordinary citizen. Transgenders though human are not recognized as person in violation of human rights as they are deprived of their fundamental and other civil rights.

It is interesting to note that such deep rooted malaise and superstition exists in our society that boasts of maximum diversity and tolerance. Religion and religious texts reveal interesting interpretations on the notions of gender even though popular versions place premium on the male and female forms. A closer scrutiny however will reveal interesting surprises. In the popular version of the Hindu mythology, the trimurtis of Siva, Vishnu and Brahma are accompanied by their consorts Parvati, Lakshmi and Saraswati. A common

form of Siva and Parvati is their representation as the *'Ardhanrishwara'*. It is usually understood and explained as the holistic form of God that is complementing the male and female power. We easily tend to overlook the implication of the *'Ardhanrishwara'* form as a transgendered entity- Siva and Shakti, the coming together of male and female; something over and beyond the known realms of gender. It is an aspect that perhaps needs to be explored further.

There are numerous instances and characters in the Hindu mythology that reveal the fluidity of the gender, like when Vishnu took on the female form of Mohini. He, along with Siva, even managed to give birth to Lord Ayyapa. Irrespective of his origin, Lord Ayyappa is the most popular of Gods in South India! Accordijmng to a Tamil folk lore, even Siva - the epitome of male power, transforms into Thayumanaswamy, the lord who took the form of a mother to assist in the delivery of his devotee.

Another famous character in the mythology, Mahabharata, is Shikhandi, the transgendered sibling of Draupadi who kills the powerful elderly Bhishma. In the same text, we know of Arjuna cross dressing and living as *Brihannala* for a whole year. Lord Krishna too used to dress up as a *gopi* for *raas leela* on moonlit nights. The tradition is continued to this day in Mathura on Janmashtami.

Our culture is replete with mention of such people who have identities beyond that of male and female. None of these legends are unknown to us and none of it lessens the esteem of these deities in our eyes. Instead, we have been the most tolerant and accepting of such differences. Even during the Mughal period, there is evidence of the existence of transgenders in society and especially in the harems of emperors where they were the ones who ensured security and harmony among the women folk. However, all that seemed to change in the last century or two with the advent of British. We steadily became a population holding rigid values and ideologies.

Fortunately, things are changing. The recent Supreme Court ruling on creating the 'third gender' as the third option along with male and female is a step that will open newer doors for our fellow beings who have thus far been ignored and deprived. However, it is up to us- the common people and civil society members to dust out our long concealed values of tolerance and acceptance shed our inhibitions and hesitations to embrace a community that has been depressed and side tracked so far. It is important that we believe in the power of one, a thought or action by even one person can initiate a movement. Like the famous Robin Williams once said- *"No matter what people tell you, words and ideas can change the world."* ...

# ലോകത്തിനു വഴികാട്ടുന്ന
# മാലാഖമാർ



ABRAHAM VIJAY JOHN

**'ലോക**ത്തിലെ ഏറ്റവും പ്രശസ്തയായ ബാലിക' 2013 ജനുവരിയിൽ മാലാല യൂസഫ്സായ് എന്ന പാക്ക് പെൺകുട്ടിയെ ജർമനിയിലെ പ്രമുഖ പത്രം വിശേഷിപ്പിച്ചത് ഇങ്ങനെയാണ്.

2014 നോബൽ സമ്മാന ജേതാവായിമാറി ആ ബാലികയുടേത് ഒറ്റ ദിവസത്തെ ഭാഗ്യമല്ലാ, ഏറെക്കാലത്തെ കഠിനാധ്വാനവും യാതനകളുമാണ് മലാലയെ പ്രശസ്തയാക്കിയത്. അതുപോലെ സ്വന്തം സമൂഹത്തിന് നന്മയുടെ പ്രകാശം പരത്തി ജീവിക്കുന്ന ചില ഏതാനും കുട്ടികളെയാണ് കാണാൻ പോകുന്നത്.

## ശ്വേതകാറ്റി

ദുരിതങ്ങൾക്ക് വിട നൽകി ഉയർച്ചയിലേക്കുപറന്ന ഒരു പതിന്നെട്ടുകാരിയാണ് ശ്വേതകാറ്റി. മുബൈ നഗരത്തിലെ ദുരിതങ്ങളിൽ നിന്നും ദാരിദ്ര്യത്തിൽ നിന്നും അമേരിക്കയിലെ ലിബറൽ ആട്സ് ബാർഡ് കോളേജിൽ എത്തിയ ശ്വേത, ഇന്ത്യയിലെ കോടിക്കണക്കിന് കുട്ടികളുടെ പ്രതീക്ഷയായാണ് വളരുന്നത്.

ഫാക്ടറി ജോലിക്കാരിയായ അമ്മയുടെ വരുമാനം ശ്വേതയുടെ പഠന ആവശ്യങ്ങൾക്ക് തികയുന്നതായിരുന്നില്ല. പക്ഷേ, അമ്മയ്ക്ക് മകളിൽ ഉറച്ച വിശ്വാസമുണ്ടായിരുന്നു.

കുട്ടിക്കാലത്ത് ഏറെ ദുരിതങ്ങളും, ജാതിയുടെ പേരിലുള്ള വിവേചനങ്ങളും അനുഭവിച്ച ശ്വേതയ്ക്ക് ഇന്ന് ആത്മവിശ്വാസവും പ്രയത്നവുമായിരുന്നു ബലം. കാന്തി (വിപ്ലവം) എന്ന സംഘടനയാണ് അവളെ കൈപിടിച്ചുയർത്തിയത്.

ന്യൂസ്‌വിക്ക് മാസിക പ്രസിദ്ധീകരിച്ച 25 യങ് വിമെൻ ടു വാച്ച് പട്ടികയിൽ മാലാല യൂസഫ്സായിക്കൊപ്പം ശ്വേതയും ഇടം നേടിയിരുന്നു. തന്റെ പ്രദേശത്തെ പെൺകുട്ടികളുടെ ഉന്നമനമാണ് ശ്വേതയുടെ ലക്ഷ്യം.

## പോരാട്ടത്തിന്റെ പ്രതീകം

ജനിക്കുമ്പോഴേ എച്ച്.ഐ.വി. ബാധിതനായിരുന്നു ആ കുഞ്ഞ്. സ്വന്തം അച്ഛനാരെന്ന് അറിയാതെയാണ് അവൻ വളർന്നത്. എച്ച്.ഐ.വി. ബാധിതനായ അവന്റെ അമ്മയ്ക്ക് മകന്റെ കാര്യങ്ങൾ നോക്കാനുള്ള ആരോഗ്യമില്ലാതായപ്പോൾ ജോഹന്നാസ്ബർഗിലുള്ള ഗെയിൽ ജോൺസൺ അവനെ ദത്തെടുത്തു.

1997-ലാണ് എൻകോസി ജോൺസണെ ലോകമറിഞ്ഞത്. അവനെ പ്രൈമറി സ്കൂളിൽ ചേർക്കാൻ അധികൃതർ വിസമ്മതിച്ചു. എയ്ഡ്സ് രോഗിയാണെന്ന

കാരണം പറഞ്ഞാണ് അവർ അവന്റെ പ്രവേശനം നിഷേധിച്ചത്. ആ സംഭവം ദക്ഷിണാഫ്രിക്കയിൽ കോളിളക്കമുണ്ടാക്കി. എൻകോസിക്കു നേരിടേണ്ടിവന്ന ദുരവസ്ഥ വലിയ ചർച്ചയായി. ഒടുവിൽ സ്കൂൾ അധികൃതർക്ക് തീരുമാനം പിൻവലിക്കേണ്ടിവന്നു.

വൈകാതെ എയ്ഡ്സിന് എതിരായ പോരാട്ടങ്ങളുടെ മുന്നണിയിലേക്ക് എൻകോസി കടന്നുവന്നു. രോഗ വിവരം മറച്ചുവച്ച് വിവേചനങ്ങളെല്ലാം അനുഭവിച്ച് ജീവിക്കുന്നതിനെ അവൻ എതിർത്തു. പതിമൂന്നാമത് രാജ്യാന്തര എയ്ഡ്സ് കോൺഫറൻസിൽ മുഖ്യപ്രഭാഷകൻ എൻകോസിയായിരുന്നു. രോഗത്തോട് തുറന്ന സമീപനം സ്വീകരിക്കാനും തുല്യ പരിഗണന തേടാനും അവൻ ആളുകളെ പ്രചോദിപ്പിച്ചു. ഉജ്ജ്വലമായ ആ പ്രസംഗം എൻകോസി അവസാനിപ്പിച്ചത് ഇങ്ങനെ: "നമുക്ക് നടക്കാനാകും. നമുക്ക് സംസാരിക്കാനാവും, മറ്റെല്ലാവരെയും പോലെ നമുക്കും ആവശ്യങ്ങളുണ്ട്. നമ്മെത്തന്നെ നാം പേടിക്കാതിരിക്കുക. നമ്മളെല്ലാം ഒന്നാണ്."

ജീവിതത്തിനായുള്ള പോരാട്ടത്തിന്റെ പ്രതീകമാണ് എൻകോസിയെന്ന് സാക്ഷാൽ നെൽസൺ മണ്ടേല വാഴ്ത്തി. ദക്ഷിണാഫ്രിക്കയിലെ എക്കാലത്തെയും മഹത്വ്യക്തികളിലൊരാളായി എൻകോസി തിരഞ്ഞെടുക്കപ്പെട്ടു.

വളർത്തമ്മയോടൊപ്പം ചേർന്ന് എച്ച്.ഐ.ഐ.വി. പോസിറ്റീവായ അമ്മമാർക്കും കുട്ടികൾക്കുമായി ഒരു പ്രസ്ഥാനം എൻകോസി ആരംഭിച്ചു. 'എ എൻകോസീസ് ഹാവെൻ' എന്നായിരുന്നു അതിന്റെ പേര്.

2001-ൽ പന്ത്രണ്ടാമത്തെ വയസ്സിൽ എൻകോസി മരണത്തിനു കീഴങ്ങി.

## പിന്തിരിയില്ല ഈ തന്ദിവെ!

"സ്കൂളിൽ ഞാൻ അവകാശങ്ങളെക്കുറിച്ചു പഠിച്ചു. ഞാൻ ഇതിനുവേണ്ടി പോരാടാൻ ആഗ്രഹിക്കുന്നുവെന്ന് എനിക്ക് അപ്പോഴേ മനസ്സിലായി. കാരണം കുട്ടികൾക്കൊരു അവസരം കൊടുത്താൽ ഈ ലോകത്തെ കൂടുതൽ മികച്ചതാക്കാൻ അവർക്കാവും."

ഇത് തന്ദിവെ ചാമ (Thandiwe Chama) എന്ന സാംബിയൻ പെൺകുട്ടിയുടെ വാക്കുകളാണ്. 2007ലെ ഇന്റർനാഷനൽ ചിൽഡ്രൻസ് പീസ് പ്രൈസ് സ്വന്തമാക്കിയത് ഈ മിടുക്കിക്കുട്ടിയായിരുന്നു. 1999-ൽ തന്ദിവെയ്ക്ക് എട്ടുവയസ്സായിരുന്നു പ്രായം. അവശ്യത്തിനു അധ്യാപകരില്ലെന്ന കാരണം പറഞ്ഞ് അവൾ പഠിച്ചുകൊണ്ടിരുന്ന സ്കൂൾ അധ്യാപകർ പൂട്ടി.

സ്കൂളുകൾ അടച്ചുപൂട്ടുന്നതും കുട്ടികൾ ചെറുപ്പത്തിൽ തന്നെ തൊഴിലെടുക്കാൻ നിർബന്ധിക്കപ്പെടുകയും ചെയ്യുന്ന ഒരു രാജ്യത്ത് ഇത് ഒരു പ്രതിഷേധവുമുണ്ടാക്കില്ല. എന്നാൽ തന്ദിവെ ചാമയെന്ന മിടുക്കിക്കുട്ടിക്കു പഠനം അവസാനിപ്പിക്കാൻ മനസ്സില്ലായിരുന്നു. അവൾ അറുപതോളം കുട്ടികളെയും കൂട്ടി മറ്റൊരു സ്കൂളിലേക്കു പോയി. ആ കുട്ടികളെ സ്കൂളിലെടുക്കാൻ അധികൃതർ നിർബന്ധിതരായി. ഈ നേട്ടം തന്ദിവെയ്ക്ക് പ്രചോദനമായി. ജീവിതത്തെ തീക്ഷ്ണമായ പോരാട്ടങ്ങളുടേ

താക്കി മാറ്റിയിരിക്കുകയാണ് ഈ പെൺകുട്ടി.

**പ്രകാശമായി ഓം പ്രകാശ്!**

അഞ്ചാം വയസ്സിൽ ഓംപ്രകാശിന് അച്ഛനമ്മമാരെ വിട്ട് പോകേണ്ടിവന്നു. ചെറുപ്രായത്തിലേ പാടത്തുപണിയെടുക്കാനായിരുന്നു അവന്റെ വിധി. എന്നാൽ ഇന്ന് നിരവധി കുട്ടികളുടെ ജീവിതത്തിൽ പ്രകാശം പരത്തുകയാണ് ഓംപ്രകാശ് ഗുർജർ (Om Prakash Gurjar)

കുട്ടികൾക്ക് വേണ്ടി പ്രവർത്തിക്കുന്ന സംഘടനയായ 'ബച്പൻ ബച്ചാവോ ആന്ദോളൻ' പ്രവർത്തകരാണ് ഓംപ്രകാശിനെ പാടത്തെപണിയിൽ നിന്ന് മോചിപ്പിച്ചത്. പിന്നീട് രാജാസ്ഥാനിൽ സൗജന്യ വിദ്യാഭ്യാസത്തിനായുള്ള പ്രചാരണപ്രവർത്തനങ്ങളിൽ അവൻ ഭാഗമായി. ശിശുസൗഹൃദഗ്രാമങ്ങളുടെ നെറ്റ്‌വർക്കിനു രൂപം നൽകാനുള്ള പ്രവർത്തനങ്ങളോടും ഓം പ്രകാശ് സഹകരിച്ചു. ചൂഷണത്തിൽ നിന്ന് സംരക്ഷിക്കാനായി എല്ലാകുട്ടികൾക്കും ജനന സർട്ടിഫിക്കറ്റ് നൽകാനുള്ള പ്രവർത്തനങ്ങൾക്കൊപ്പവും ഓം പ്രകാശ് ഗുർജൻ സഹകരിച്ചു. ബാലവേലയ്ക്കെതിരെയും ചൂഷണങ്ങൾക്കെതിരെയുമുള്ള പോരാട്ടത്തിൽ ഇന്ന് ഓം പ്രകാശ് സജീവമാണ്. ഈ പ്രവർത്തനങ്ങളുടെ പേരിൽ ഓം പ്രകാശിന് നിരവധി അംഗീകാരങ്ങളും ലഭിച്ചു. ■

---

**Misfit**
**Misjudged**
**Abandoned**
**Sent away**
**Cornered**
**Raped**
**Left to die**
**She fought back**
**With every broken bone**
**Till she could heal enough**
**To stand on two legs**
**And become her own person**
**SHE**

Prof TJ

# FACE 2 ƎↃAF

## with

### Dr. DIVYA. S. IYER, IAS (*Assistant Collector, Kottayam*)

Dr. Divya S Iyer, IAS, Assistant Collector, has been a part of the Kottayam community for less than six months. In the short span that she has been around, she has reached out to the public at a pace unprecedented in history. An administrator is traditionally seen as a person busy taking decisions, conducting meetings and sanctioning projects inside the safe sanctuary of the office.

Dr. Iyer with her dynamic persona has managed to shatter some of these old perceptions. Her poise, confidence and candid personality are the greatest assets that have managed to create certain path breaking initiatives in administering a place. It only seemed natural for us at the December 10th editorial team to interview her and gain insights on her ideas regarding Human Rights in all its facets:



**1) What are the common Human Rights violations in Kerala?**

In Kerala, we have two – three issues that we are grappling with, one of which is mainly with the disadvantaged group, so child rights is one thing which have received very low rates in Kerala but now we have a Child Rights Commission that has come up and I think they have been doing very well, now the awareness levels have also increased considerably, we are moving in that direction, so that is one area of my interest as well. Omission and commission keeps happening in Child Rights Policy.

Second, I would say is again women issues concerning against sexuality of women that is a grave area in Kerala society since time immemorial. The dignity of women in Kerala has degraded because of some news, one or two who probably act in miscreant fashion, they become an icon of womanhood in Kerala for all the wrong reasons, so I think it's an indirect violation of every woman's right, it keeps happening, so little more responsibility in dealing with these kind of news I would really desire which is going round about the way, we talk about Human Rights as such so

this is not a gross violation but I think this contributes a lot towards commission of other Human Rights violations, kind of provides a fabric for that...

**2) Do you personally think women are really empowered?**

I don't think women are empowered but I do feel women are strong in Kerala but the term empowerment is a very dicey term, I have always believed and always said that women are Sakthi ("Sthree aanu Sakthi") so woman is the source of strength, now empowerment is really a change in the way a society views woman's strength, so adequate opportunity to utilize her strength is required. However I think we have again distorted it a little bit by trying to say women are weak, women need to be given power, given strength... that is not what should be happening, so someone you consider as weakling there again, inherent rights are being violated because they are to be receptacle as the society is giving them something and they are the ones to receive it and utilize it... I think that is very wrong notion.

**3) What are the measures taken for the protection of women?**

Kerala Women's Development Corporation is there, which has been doing really good work, women's commission has been there and I think to a large extent the aware women or the literate women of Kerala actually have a respite in women commission, where they can walk in at any point of time and register their complaints and get some respite to a large extent. I think it has worked very well, having said that a lot more has to be done in that field because the number of cases that actually come and number of cases that actually reach a logical conclusion is very less. Lot of out of court settlements and arbitration actually happens in all Human Rights violation cases in Kerala, so it might be that, we are a peace loving society, so we don't want too much punishment and penalty out there but we are definitely a litigation friendly society also, so lot of cases come but if you look at the conviction rates and the rate the cases are being filed there is a gross mismatch in Kerala, what happens between this I think is one really need to look into these cases.

Also we are trying to focus on Transgender Rights; we released the first transgender policy. Kerala was the first state to roll it out, I was particularly interested in that, the survey which was done on transgenders in Kerala and we think 20000 transgenders are there in Kerala, out of them sample size of 4000 was being picked up and a survey was done on their issues and how they had a stake in the policymaking, out of the 4000 we got maximum response from Kottayam, I think the minister has just informed me that Kottayam might be the first district area for releasing the transgender protection policy.

**4) Why even the educated people are not aware of Human Rights in spite of so many awareness programs?**

End of the day we are cocooned in our own little spheres so until lightening strikes we don't bother about it – that is the basic nature of people – specially in our state. Our world has to be a little broader. I think we live in a very narrow world today once it gets a little broader at least when you see a human rights violation or any violation that happens to someone in a larger circle at least then you have to get back and see what can be done, but I don't think people really are bothered about it. Instead whatever said knowledge is there, whatever misunderstandings are being gossips are there in the air everyone hooks on to it. Nobody gets into the source of the problem. In Kerala people are too inquisitive

and less patient. I think that is one reason, nobody gets to the root. Nobody tries to find out why, how and what.

**5) Can politicians or government be the reason for people not being aware of these cases, can they be involved in suppressing the voices of people?**

I don't think so; there might be isolated cases where the government or politicians themselves are involved as such. Again I don't think those are the only cases, we get to know them because society tries to count them down and make it sensational but people outside political circles or government circles, whoever it is wherever the violation happens, I think for the less sensationalized cases there is not adequate importance given in our disclosure as a whole, corruption is not one thing which happens only at government level, huge amounts of corruption though amount might be less, money transfers might be less, the number of cases that are at grass root level even in non government organisation also, it is huge.

**6) As a young officer, what is your view on Human Rights? Is the present policy adequate?**

I don't think I am knowledgeable enough to comment on the policies, I have never sat down and gone through, but whatever I have read, I don't have practical experience as yet. When I start practicing I will figure out the do's and don'ts even better. However I think Kerala has been doing much better than other states.

**7) Do you think Human Rights should be included as a subject in curriculum?**

Yes, definitely. Right now after coming here, we have been discussing the new education policy and giving recommendations to the government so one of the thing that I have put down is that the children has to be made aware of, it's a very easy thing to do. It's not going to take hours of your (the) academic time, so when you teach civics, you talk about civics talk about Human Rights, the whole legal literacy I think should be inclusive in the school level. Kerala is more of Rights based society than a duty based society. So, I would say more importance need be given to the duty based rights to teach from childhood, when your attitudes are being formed.

**8) Your message to the younger generation.**

I strongly believe that every man's right gets violated even if one man's right gets affected. So be compassionate in your thoughts, words and actions, be empathetic if someone's right is getting violated. Don't think that I am safe today... only he is getting affected or she is getting affected, it's **somebody's** rights getting affected, in your larger society. Beware that tomorrow your rights can be affected. So I think we are somewhere losing the bond in human beings and that needs to be strengthened so that we can ensure a secure society ourselves, what law can do is only up to a certainextent, society needs to grow and evolve itself, protect its own Human Rights so that it helps in sustaining the society. That is the Kerala I dream of. We claim ourselves the enlightened mass, so we should be a self sustaining and self regulating society not one that needs to be commanded by external regulatory bodies.

Interviewed by
**JASMEET KAUR LOTA**
I MSW

# അഭയാർത്ഥികൾ

അനീസ എം. താഹ
III DC English Literature



ഒലിവു മരങ്ങളിൽ
ഇനി ഒരിലയും ബാക്കിയില്ല
യുദ്ധച്ചൂടിലൊക്കെയും കരിഞ്ഞുപോയി.
കാൽക്കീഴിൽ തിളക്കുന്ന എണ്ണ
തലക്കുമീതെ മിസൈലുകൾ...
അകലെ തിരമാലകൾ
ഐലനെ തൊട്ടിലാടുന്നു.

അവർ പച്ച മനുഷ്യർ
മതമില്ലാത്തവർ, രാഷ്ട്രമില്ലാത്തവർ
അവരുടെ മുന്തിരിത്തോപ്പുകളിൽ
മതങ്ങളും രാഷ്ട്രങ്ങളും
സമാധാനത്തിനായി ഏറ്റുമുട്ടി.
ചിതറിയ ബന്ധങ്ങൾക്കും
തകർന്ന കൂരകൾക്കും നടുവിൽ
കുറേ പച്ച മനുഷ്യർ
നാളെ,
അഭയാർത്ഥികൾ....

---

# മനുഷ്യ മൃഗം

സ്നേഹ സെബാസ്റ്റ്യൻ
III DC Economics

---

പിറുപിറുക്കലുകൾ അലയടിച്ചുയർന്നപ്പോൾ
ഞാൻ മുഖമുയർത്തി
ചിലർ എന്നെ നോക്കി മുഖം മറച്ചു
അവർ എന്നെ കല്ലെറിഞ്ഞു
ഇവർ എന്നെ എന്തിനോ കാർക്കിച്ചുതുപ്പുന്നു.
പാതയുടെ ഗർഭപാത്രത്തിൽ കവിഞ്ഞു നിന്ന
ചെളിവെള്ളത്തിലേക്ക് ഞാൻ മുഖം തിരിച്ചു
എന്റെ മുഖം വികൃതമായിരിക്കുന്നു.
വൃണങ്ങളാൽ പഴുത്തു നാറുന്നു.
തെരുവിലൂടെ ആരെയോ പേടിച്ച്
ഒരു നായ ഞൊണ്ടുകാലുമായി ഓടുന്നതിനിടയിൽ
നിശബ്ദനായി എന്റെ മുഖത്തേക്കു നോക്കി
ഇല്ല ഞാൻ നിന്നെ ഉപദ്രവിക്കില്ല.
ഞാനൊരു മനുഷ്യനാണ്... പക്ഷേ....
മനുഷ്യനെന്ന അവകാശം നിഷേധിക്കപ്പെട്ട
ഒരു കുഷ്ടരോഗി, ഒരു മാറാരോഗി..



# മനുഷ്യാവകാശങ്ങളും കുട്ടികളും

**സിസ്റ്റർ ഷീന എം.യു.**

'ഡിസംബർ 10- ലോകമനുഷ്യാവകാശദിനം' മനുഷ്യരായ നാം ഒരിക്കൽകൂടി ഈ ദിനത്തിന് സാക്ഷികൾ ആകുമ്പോൾ മനുഷ്യാവകാശത്തെ കുറിച്ചും കുട്ടികൾക്ക് ഈ അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യങ്ങളെ പറ്റിയുമൊന്ന് ചിന്തിക്കാം.

ഒരു രാഷ്ട്രത്തിന്റെ ഭാവി അവിടുത്തെ കുട്ടികളിലാണ് എന്ന് നമുക്കറിയാം. ഈ കുട്ടികളെ സംരക്ഷിക്കുകയും അവരുടെ സർവ്വതോന്മുഖമായ വികാസം ഉറപ്പുവരുത്തുകയും ചെയ്യാനുള്ള ബാധ്യത സമൂഹത്തിനാണ്. ഈ പശ്ചാത്തലത്തിലാണ് നമ്മുടെ പാർലമെന്റ് 'ബാലനീതിനിയമം' പാസാക്കിയത്. വഴി തെറ്റി പോകുന്ന കുട്ടികൾക്കായി നീരിക്ഷണനിലയങ്ങൾ സ്ഥാപിക്കാനും വ്യവസ്ഥ ചെയ്യുന്നു. കുട്ടികൾ കുറ്റം ചെയ്താൽ അവരെ വിചാരണ ചെയ്യേണ്ടത് ബാലനീതി ബോർഡാണ്. അവരെ നിയമം കുറ്റവാളികൾ എന്നല്ല വിശേഷിപ്പിക്കുന്നത്. മറിച്ച്, നിയമവുമായ് സംഘർഷത്തിലുള്ള (Child in conflict with law) കുട്ടി എന്നാണ്. അറസ്റ്റ് ചെയ്യപ്പെട്ടാൽ അത് എത്ര വലിയ കുറ്റമായാലും കുട്ടികൾ ജാമ്യത്തിനർഹരാണ്. ബാലനീതി നിയമപ്രകാരം കുറ്റം ചെയ്തതോ, പീഡനത്തിന് ഇരയായതോ ആയ കുട്ടികളുടെ വിശദാംശങ്ങൾ പരസ്യപ്പെടുത്തുന്ന മാധ്യമങ്ങൾ പോലും കുറ്റം ചെയ്തതായി പരിഗണിക്കപ്പെടുന്നു. കുട്ടികളോട് ക്രൂരത കാണിക്കുന്നതിനും, അവരെ സംരക്ഷിക്കാതിരിക്കുന്നതിനും, യാചകവൃത്തിക്ക് ഉപയോഗിക്കുന്നതിനും മയക്കുമരുന്ന് ഉപയോഗിപ്പിക്കുന്നതിനും കഠിനമായി ജോലി ചെയ്യിപ്പിക്കുന്നതിനും എതിരെ നിയമത്തിൻ വ്യവസ്ഥകൾ ഉണ്ട്.

രാഷ്ട്രവും സമൂഹവും കുട്ടികളുടെ അവകാശത്തിന് ഇത്രയേറെ പ്രാധാന്യം കൊടുക്കുമ്പോഴും നമ്മുടെ പല കുരുന്നുകളുടെയും ബാല്യം ഈ അവകാശങ്ങൾ എല്ലാം നിഷേധിക്കപ്പെട്ട്, ശാരീരക മാനസിക പീഡനങ്ങൾക്ക് വിധേയപ്പെട്ട്, തള്ളി നീക്കപ്പെടുകയാണെന്ന യാഥാർത്ഥ്യം നാം മറന്നുപോകരുത്. സംസ്ഥാനത്ത് കുട്ടികൾക്ക് എതിരെയുള്ള പീഡനങ്ങൾ 3 വർഷംകൊണ്ട് മൂന്നിരട്ടിയായി എന്നാണ് ചൈൽഡ്ലൈൻ കണക്കുകൾ വ്യക്തമാക്കുന്നത്.

മാതാപിതാക്കളുടെ സ്വാർത്ഥത താത്പര്യങ്ങൾക്കുവേണ്ടി പുറംലോകം കാണാതെ ഗർഭപാത്രത്തിൽ വച്ച് നശിപ്പിക്കപ്പെടുന്ന കുഞ്ഞുങ്ങളും പൊക്കിൾക്കൊടി വേർപെടുത്തിയാൽ ഉടൻ ചവറ്റുകൊട്ടകളിലും ഓടകളിലും പൊന്തകാടുകളിലും അനാഥാല

യങ്ങളിലും വലിച്ചെറിയപ്പെടുന്ന കുഞ്ഞുങ്ങളും അനേകായിരങ്ങൾ ആണ്. ഇവരുടെ ജീവിക്കാനുള്ള അവകാശം നിഷേധിക്കുന്നവർ ഒന്ന് പുറംകോട്ട് നോക്കി, ഞാൻ എന്റെ കുഞ്ഞിനോട് കാണിച്ച ഈ ക്രൂര കൃത്യം, എന്റെ മാതാപിതാക്കൾ എന്നോട് കാണിച്ചിരുന്നെങ്കിൽ, ഞാൻ ഇന്ന് എവിടെയായിരിക്കും. ഒരു നിമിഷമൊന്ന് ചിന്തിക്കൂ...

വിവാഹം കഴിഞ്ഞ് ഏറെ വർഷങ്ങൾ കഴിഞ്ഞിട്ടും കുഞ്ഞുങ്ങൾ ഇല്ലാത്തതിന്റെ ദുഃഖവും പേറി പ്രാർത്ഥനകളും നേർച്ചകളും കാഴ്ചകളും വഴിപാടുകളുമായി ദേവാലയങ്ങളും തീർത്ഥാടനസ്ഥലങ്ങളും കയറിയിറങ്ങി ഉള്ളുരുകി പ്രാർത്ഥിക്കുന്ന, ഏറെ മാനുഷികവ്യഥ അനുഭവിക്കുന്ന ദമ്പതികളെ ഒന്നോർത്താൽ ദൈവം നമുക്ക് ദാനമായി നല്കുന്ന കുഞ്ഞുങ്ങളെ നിധിപോലെ കാത്ത് സൂക്ഷിക്കേണ്ട മനുഷ്യന് എങ്ങനെ അവരുടെ കൊലയാളിയാവാൻ പറ്റും. സ്വാർത്ഥതയുടെ പേരിൽ നശിപ്പിക്കപ്പെടുന്ന ഓരോ കുഞ്ഞും നാളെയുടെ വാഗ്ദാനങ്ങൾ- അതുപോലെ സഭയുടെയും രാഷ്ട്രത്തിന്റെയും ഉന്നതശ്രേണിയിൽ ആയിരുന്നുകൊണ്ട് ലോകത്തിന് വിലയേറിയ സംഭാവനകൾ നൽകേണ്ടവർ അല്ലായിരുന്നോ? ഇവരുടെ ഈ അവകാശങ്ങൾ നിഷേധിക്കാൻ മനുഷ്യന് ആരാണ് അധികാരം നല്കിയത്.

കുഞ്ഞുങ്ങളുടെ ജീവൻ നശിപ്പിക്കുന്നതുപോലെ തന്നെ കുറ്റകരമാണ് കുട്ടികളെ ശാരീരികവും മാനസികവുമായി പീഡിപ്പിക്കുന്നതും. വീട്ടിലും തൊടിയിലും സ്കൂളിലും പൂമ്പാറ്റകളെ പോലെ പാറിപറന്നു നടത്തേണ്ട ബാല്യം എടുക്കാനാവാത്ത അത്ര ഭാരത്തിൽ ഒരു പുസ്കസഞ്ചിയും തൂക്കി വീടും, സ്കൂളും, റ്റ്യൂഷൻ സെന്ററും മാത്രമായി ഒതുങ്ങിക്കൂടുന്നതും അവരുടെ അവകാശലംഘനമല്ലേ? ഒരു സ്വകാര്യ ബസ്സിൽ ഈ പുസ്തകസഞ്ചിയുമായ് കയറുന്ന കുട്ടികൾ, ബസ്സ് ജീവനക്കാരുടെ അസഭ്യം നിറഞ്ഞ വാക്കുകൾ കൊണ്ട് മാനസികവേദന അനുഭവിക്കുമ്പോൾ അവിടെയും അവരുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുകയല്ലേ? കുട്ടികളെ തട്ടിക്കൊണ്ടുപോയി ശരീരം പൊള്ളിച്ചും അംഗവിഹീനരാക്കിയും ഭിക്ഷാടനത്തിന് ഉപയോഗിക്കുന്നതും കഠിനജോലികൾ ചെയ്യിപ്പിക്കുന്ന മാഫിയകളും, വാക്കുകൾ കൊണ്ടും പ്രവൃത്തികൾകൊണ്ടും ലൈംഗിക ദുരുപയോഗം ചെയ്യുന്ന മുതിർന്നവരും തങ്ങളുടെ സുഖത്തിനും ലാഭത്തിനും മാത്രം വില കല്പിക്കുമ്പോൾ പൊലിഞ്ഞുപോകുന്ന ബാല്യത്തെ കുറിച്ച് എന്തേ ചിന്തിക്കാതെ പോകുന്നു.

നൈർമല്യത്തിന്റെയും പരിശുദ്ധിയുടെയും പ്രതീകങ്ങളും ഭൂമിയിലെ മാലാഖമാരും നാളെയുടെ വാഗ്ദാനങ്ങളുമായ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ നമുക്കും പങ്കുകാരാകാം. കൊടുക്കാം നമ്മുക്കവർക്ക് നല്ല ഓർമ്മകൾ ചാലിച്ച ഒരു ബാല്യം. തുടയ്ക്കാം നമ്മുക്കവരുടെ കണ്ണീർചാലുകൾ. താങ്ങായ് തണലായ് ചേർത്തു നിർത്തി, മാതൃകയായ് മാർഗ്ഗമായ് കൂടെ നടക്കാം. ഉള്ളും ഉള്ളതും കൊടുത്ത് ഉയർത്താം നമുക്കവരെ വാനോളം.

## हम भी इनसान हैं---

कल उस दीवार पे
जो इश्तहार था
किसी नये फिल्म का
और आज है तस्वीर किसी राजनीतिज्ञ की---
कहते हैं, देश का भविष्य उनके हाथ में है।
और हमारा भविष्य ?

जे सी बी एक साथ सबको मिटाता है।
हमें भी मिटायेगा---
छोटा भाई माँ की सूखी छाती में
दूध ढूँढता है,
माँ से मैं कैसे कहूँ
माँ मुझे भी भूख लग रही है।

चोरी का इलजाम हम पे लगाते हैं
उधर अनदेखी और अनकही चोरियाँ
और फिर भयानक खामोशी

ये बड़ी बड़ी इमारतें
कल हमें निगल जाएंगी
कुत्तों को वे पालते हैं
हमें नहीं---
हमें भी जीने दो
हम भी इनसान हैं।

**Dr. Naveena J. Narithookil**
Assistant professor, Dept. of Hindi,
BCM College, Kottayam

# ചിലന്തിയും ചങ്ങലകളും

**ശ്രീലക്ഷ്മി പി.ജെ.**
III DC Sociology, BCM

എല്ലായിടത്തും
ചിലന്തി, വലകെട്ടുകയാണ്
ഒന്നു തൊട്ടാൽ പൊട്ടുന്ന
വിലോല ദീർഘമാം
നൂലുകൾ ഉമിനീരിൽ ചാലിച്ച്
ചാരുതയോടെ....

എന്നെ പിന്തുടരുന്ന
അരുപികളായ കെണിവലകൾ
തട്ടിമാറ്റി ഞാനെത്രയോ
ദൂരം നടന്നിരിക്കുന്നു
എങ്കിലും എന്റെ ചുറ്റും
അജ്ഞാത ശത്രുക്കൾ
കെട്ടിപ്പൊക്കുന്ന ചങ്ങലകൾ
ദൃഢമാകുന്നത് ഞാനറിയാഞ്ഞതെന്ത്?

എന്റെ പാദങ്ങൾക്കൊപ്പം
വേഗാവേഗങ്ങൾക്കൊപ്പം
എന്റെ ഹൃദയത്തിൻ
ആരോഹണാവരോഹണങ്ങൾക്കൊപ്പം
ഈ ചങ്ങലകൾ ചലിക്കാത്തതെന്തുകൊണ്ട്?

ഈ ചങ്ങലകളിലെ കണ്ണുകളിൽ
കുടുങ്ങുന്നത് എന്റെ സ്വപ്നമോ? സ്വാതന്ത്ര്യമോ?

# നോവിൻതീരം

കൊച്ചൂസ്

നിന്റെ നിലവിളിയുടെ
ആഴങ്ങളിലെവിടെയൊ
എന്റെ ഹൃദയം പിടയ്ക്കുന്നുണ്ട്!
നിന്റെ ജീവനറ്റകണ്ണിമയ്ക്കുള്ളിൽ
എന്റെ സ്വപ്നങ്ങൾ ഉറങ്ങുന്നുണ്ട്
കരിഞ്ഞുപോയ നിന്റെ ബാല്യത്തിൻ
പുസ്തകത്താളുകളിലെൻ-
സ്മരണകൾക്ക് തീപിടിച്ചിരിക്കുന്നു.
ഇനിവയ്യ, ഈ നശിച്ച തെരുവിൽ
കരിനീലിച്ച നിന്റെ പിഞ്ചുവിരലുകൾക്കുള്ളിലെ-
രക്തക്കറകൾ പൊതിഞ്ഞ-
വളമുറികൾ നോക്കിയിരിക്കുവാൻ
ഇവിടെ, ജീവിതത്തിനും, മരണത്തിനുമിടയിൽ
വരാൻ പോകുന്ന കലാപത്തിന്റെ-
കബന്ധങ്ങൾ പങ്കിടുവാൻ...
പേക്കാറ്റടിക്കുന്ന ഈ ഊഷരഭൂമിയിൽ
ഞാനെന്റ സ്വപ്നങ്ങൾ വലിച്ചെറിയുകയാണ്
പ്രതീക്ഷയുടെ പച്ചിലത്തുമ്പിലും
നിന്റെ, രക്തത്തുള്ളികളുണരുമ്പോൾ
പ്രയാണത്തിൻ മുനമ്പുകൾ തേടി...
ഞാനലയുകയാണ് ഈ നോവിൻതീരങ്ങളിൽ!



# ദേശീയ നഗര ഉപജീവന ദൗത്യവും
# മനുഷ്യാവകാശവും



**സിംപിൾ റോസ്**

*മാനേജർ (സോഷ്യൽ മൊബിലൈസേഷൻ & ഇൻഫ്രാസ്ട്രക്ചറൽ ഡെവലപ്മെന്റ്), സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റ്, കോട്ടയം, ദേശീയ നഗര ഉപജീവന ദൗത്യം.*

നഗരദാരിദ്ര്യം ലഘൂകരിക്കുന്നതിനും നഗരത്തിലെ പാവപ്പെട്ടവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയാണ് ദേശീയ നഗര ഉപജീവന ദൗത്യം (എൻ.യു.എൽ.എം.). സംസ്ഥാനത്ത് ആദ്യ ഘട്ടത്തിൽ 14 നഗരസഭകളിൽ 2014 ഏപ്രിൽ മുതൽ നടപ്പിലാക്കി വരുന്നു. പേര് സൂചിപ്പിക്കുന്ന പോലെ തന്നെ നഗരത്തിലെ ദരിദ്രർക്ക് ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനു സഹായിക്കുന്നു എന്നതിൽ തന്നെ ഈ പദ്ധതിയുടെ മാനുഷിക മുഖം കണ്ടെത്തുവാനാകും. മനുഷ്യാവകാശ ലംഘനങ്ങളുടെ ആദ്യ പാഠങ്ങൾ കണ്ടും കേട്ടും പ്രാവർത്തികവുമാക്കുന്ന കുടുംബങ്ങളിൽ നിന്നു തന്നെയാണ് ഈ പദ്ധതിയും പിച്ച വച്ച് തുടങ്ങുന്നത്. മനുഷ്യാവകാശ ലംഘനങ്ങളുടെ സ്വാഭാവിക ഇരകളായ സ്ത്രീകൾ തന്നെയാണ് ഇതിന്റെ പ്രത്യക്ഷ ഗുണഭോക്താക്കൾ. അതായത് കേരളത്തിലെ സ്ത്രീകളുടെ സംഘടനാ പാടവം വിജയത്തിലെത്തിച്ച്, സ്ത്രീശാക്തീകരണത്തിന് പുതിയ വഴി തുറന്ന് കൊടുത്ത സംസ്ഥാന ദാരിദ്ര നിർമാർജ്ജന ദൗത്യമാണ് (കുടുംബശ്രീ) കേരളത്തിൽ ദേശീയ നഗര ഉപജീവന ദൗത്യത്തിന്റെ നോഡൽ ഏജൻസി.

കുടുംബശ്രീ അയൽക്കൂട്ടങ്ങളിലൂടെ/ സ്വയം സഹായ സംഘങ്ങളിലൂടെ നഗരസഭകളിലെ ദാരിദ്ര കുടുംബങ്ങളിലെ യുവതലമുറയുടെ സാമൂഹ്യ, സാമ്പത്തിക, നൈപുണ്യ വികസനത്തിലൂടെ ഉപജീവന മാർഗ്ഗം ലഭ്യമാക്കുക വഴി നഗരത്തിലെ ദരിദ്രരുടെ പ്രശ്നങ്ങളിൽ ക്രിയാത്മകമായി ഇടപെട്ട് സ്ഥായിയായ പരിഹാരം കണ്ടെത്തുവാൻ ഈ പദ്ധതിയിലൂടെ സാധിക്കുമെന്ന് സർക്കാർ കണക്കു കൂട്ടുന്നു. സംഘടനാ ശാക്തീകരണത്തിനായി സാമ്പത്തിക സഹായത്തിനൊപ്പം കാര്യശേഷി വികസനവും പരിശീലനവും ലഭ്യമാക്കുവാൻ പദ്ധതി ലക്ഷ്യമിടുന്നു എന്നത് ഈ പരിപാടി കേവലം ദാരിദ്ര നിർമ്മാർജ്ജനവും തൊഴിൽ ലഭ്യതയും മാത്രമല്ല മറിച്ച് നഗരത്തിലെ ദരിദ്രരുടെ അന്തസ്സും ജീവിതത്തോടുള്ള ക്രിയാത്മകമായ മനോഭാവവും വളർത്തുന്നതിൽ കൂടി പങ്ക് വഹിക്കും എന്ന് കാണാൻ കഴിയുന്നു. ആത്മാഭിമാനവും അന്തസ്സുമുള്ള ഒരു തലമുറയുടെ പിറവിക്ക് കൂടി എൻ.യു.എൽ.എം. മുതൽക്കൂട്ടാകുന്നു.

തങ്ങളുടെ കഴിവിനും താൽപര്യത്തിനും സാഹചര്യത്തിനും അനുയോജ്യമായ തൊഴിൽ കണ്ടെത്തുന്നതിനും അവയ്ക്ക് വേണ്ട നൈപുണ്യം പരിശീലനത്തിലൂടെ നേടിയെടുത്ത് തൊഴിൽ ചെയ്യുന്നതിനും ഈ പദ്ധതിയിലൂടെ കഴിയുന്നു. സ്വയം സംരംഭം തുടങ്ങുന്നതിനും എൻ.യു.എൽ. എം. ലൂടെ കഴിയുന്നു. ജനിക്കാനും ജീവിക്കാനും അവകാശം നൽകുന്ന ഭരണഘടന ഓരോ പൗരനും അന്തസ്സോടെ കഴിയുന്നതിനും ജീവിക്കുന്നതിനാവശ്യമായ അന്തസ്സുള്ള തൊഴിൽ ചെയ്യുന്നതിനും ഭക്ഷണത്തിനും കിടപ്പാടത്തിനും അവകാശമുണ്ടന്ന് പറയുന്നു. നഗരത്തിലെ പ്രായപൂർത്തിയായ ഏതൊരു വ്യക്തിക്കും തൊഴിൽ ചെയ്യുന്നതിനും അതിലൂടെ ഉപജീവനം നടത്തുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

ഭൂമിയിൽ എവിടെ സഞ്ചരിക്കുന്നതിനും ജീവിക്കുന്നതിനും അവകാശമുള്ള എന്നാൽ കിടപ്പാടം ഇല്ലാത്ത ഏതൊരാൾക്കും കിടപ്പാടം നൽകുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. അവകാശങ്ങളെക്കുറിച്ചോ ക്ഷേമ പദ്ധതികളെക്കുറിച്ചോ എന്തിനേറെ തന്റെ തന്നെ ജീവിത ലക്ഷ്യത്തെക്കുറിച്ചോ പോലും അറിയാത്ത, അറിയാൻ അവകാശമുണ്ടെങ്കിൽ പോലും അറിയാൻ ശ്രമിക്കാത്ത, ഈ ജീവിതങ്ങളുടെ അവകാശം സംരക്ഷിക്കുന്നതിനായി എൻ.യു. എൽ.എം. പദ്ധതി തുടക്കമിടുന്നു.

തെരുവുകളിൽ കച്ചവടം നടത്തി ഉപജീവനത്തിന് മാർഗ്ഗം കണ്ടെത്തുന്ന കച്ചവടക്കാരുടെ പുനരധിവാസത്തിനും സാമൂഹ്യ സാമ്പത്തിക ഉൾച്ചേർക്കലിനും തെരുവ് കച്ചവടമേഖലയുടെ വികസനത്തിനും കച്ചവടക്കാരുടെ നൈപുണ്യ വികസനത്തിനുള്ള പരിശീലനങ്ങളും അവർക്കുള്ള തിരിച്ചറിയൽ കാർഡുകളുടെ വിതരണവ സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ ഇ കച്ചവടക്കാരുടെ കൂടെ പങ്കാളിത്തം ഉറ ക്കുന്നതിനും എൻ.യു.എൽ.എം. പദ്ധതി ലൂടെ ശ്രമിക്കുന്നു എന്നത് നഗരവികസ ത്തിൽ ചെറുതല്ലാത്ത അനൗപചാരിക പ വഹിക്കുന്നവരുടെ അവകാശസംരക്ഷണ സർക്കാരിന്റെയും നഗരസഭയുടെയു ലക്ഷ്യങ്ങളിൽ ഒന്നായത് കൊണ്ടുതന്നെ യാണ്.

അനാഥത്വത്തിലേയ്ക്ക് ജനിച്ച് വീഴുന്ന ബാലികയ്ക്കും തെരുവിൽ അന്തിയുറങ്ങി ജീവിതം അവസാനിക്കുന്ന വൃദ്ധർക്കും വരെ അന്തസ്സോടെ ജനിക്കാനും മരിക്കാനും അവകാശമുണ്ടെന്ന് പൊതുജനം മറക്കുന്നിടത്താണ് മനുഷ്യാവകാശ ലംഘനം ഉണ്ടാകുന്നത്. ദരിദ്രർ കൂടുതൽ ദാരിദ്ര്യത്തിലേക്കും സമ്പന്നർ അതിസമ്പന്നതയിലേയ്ക്കും മാത്രം മാറുന്ന ഈ കാലം തിരിച്ചറിയപ്പെടാത്ത എന്ന് കരുതുന്ന മനുഷ്യാവകാശ ധ്വംസനങ്ങളുടെ ബാക്കിപത്രമാണ്. ഈ അന്തരം കുറയ്ക്കുന്നതിനുള്ള പദ്ധതിയാണ് നിലവിൽ ഉദയം കൊണ്ടിട്ടുള്ളത്. പ്രത്യക്ഷത്തിലോ അല്ലാതെയോ തന്നെ മനുഷ്യാവകാശം സംരക്ഷിക്കുന്നതിനായി രൂപീകരിക്കുന്ന ഇതുപോലെയുള്ള പദ്ധതികളുടെ അന്തസത്ത ചോരാതെ നടപ്പിലാക്കുവാൻ ഇച്ഛാശക്തിയുള്ള ഉദ്യോഗസ്ഥരും അവർക്കു പ്രചോദനമാകുന്ന ജനപ്രതിനിധികളും തങ്ങളുടെ അവകാശം തിരിച്ചറിഞ്ഞ് അതിന് വേണ്ടി നിലകൊള്ളുന്ന ഗുണഭോക്താക്കളുമാണ് സമാന പദ്ധതികളുടെ നിലനിൽപ്പിന് ആധാരം എൻ.യു.എൽ.എം. പദ്ധതി നഗരസഭകളിലെ ദാരിദ്ര കുടുംബങ്ങളുടെ സ്വപ്നസാക്ഷാത്കാരത്തിനു വഴി തെളിയിക്കട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം.

# വറചട്ടിയിൽ നിന്നും എരിതീയിലേയ്ക്ക്....

**ദിവ്യാ ബേബി**
IInd DC Computer Science

എരിയുന്ന കണ്ണുനീർ കടലിന്റെയുള്ളിൽ ഞാൻ
പിടയുന്ന ജീവന്റെ നൊമ്പരം കാണുമ്പോൾ
ജീവനായ് കേഴുന്ന ആത്മാവിൽ ഗദ്ഗദം
നൊമ്പരം എൻ കാതിൽ ഉണർത്തിടുമ്പോൾ
പാരീസിൽ പൊള്ളുന്ന ദിതികൾ എന്നുള്ളിൽ
കേഴുന്ന പ്രാണനെ തുറന്നിടുമ്പോൾ

മാനവ ജീവിത ചെയ്യ്തികൾ എന്നിലെ എന്നെ
പോരാട്ടവീര്യത്തിൽ ഉയർത്തിടുമ്പോൾ
പ്രതീക്ഷകൾ മെനഞ്ഞെടുത്തൊരാ ജീവന്റെ സാഫല്യം
അറിയാതെ പോയെൻ കടമകൾ
ഞാനും നീയും നിത്യമാം ഭൂമിതൻ
പ്രതിഭാസമെന്നതിൽക്കവിഞ്ഞെന്തു പറയൂ ഞാൻ?

കാലത്തിൻ കൈയ്യ്പിടിച്ച് പിച്ചവച്ചകലുമ്പോൾ
സൗഹൃദം വെറുമൊരു ശാപമായ്ത്തീരുമ്പോൾ
എരിയുന്ന കനലാകും വറചട്ടിയിൽ നിന്നും
പറന്നുവന്നൊരാ തീപ്പൊരിക്കുണ്ഡമെൻ
അമ്മയെന്നോതി എൻ കുടെപ്പിറപ്പു നീ...

അവകാശങ്ങൾക്കായ് പോരാടും മാനവ
ഹൃദയം മഞ്ഞുകട്ടയായ് ഉരുകിയൊലിക്കുന്നു
നീതിനിഷേധിച്ച ഹൃദയങ്ങൾ എൻമുന്നിൽ
മിഴിനീർ പൊഴിക്കുന്ന ഓർമ്മയായ് മാറുന്നു
അറിയുക മാനവ ഹൃദയമേ നീ
നിൻ ജീവിതം വെറുമൊരു ദാനമെന്ന്...